**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2657** **13-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ ആധുനികീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | സർക്കാർ ജീവനക്കാർക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതികളായ സ്റ്റേറ്റ് ലൈഫ് ഇൻഷ്വുറൻസ് പദ്ധതി (SLI), ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (GIS) , ജീവൻരക്ഷാ പദ്ധതി (GPAIS) എന്നിവയാണ് **സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴി സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന സേവനങ്ങൾ.** |
| (ബി) | ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ ഡിജിറ്റൽ സംവിധാനത്തിൽ തയ്യാറാക്കുന്ന ഇക്കാലഘട്ടത്തിൽ ഇൻഷ്വറൻസ് സേവനങ്ങളും പൂർണമായും ഡിജിറ്റൽ ആക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | **ഇൻഷ്വറൻസ് സേവനങ്ങൾ പൂർണമായും ഡിജിറ്റൽ ആക്കി മാറ്റുന്നതിനുള്ള ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്.** |
| (സി) | വിരമിച്ച ഉദ്യോഗസ്ഥരുടെ ഇൻഷ്വറൻസ് പാസ് ബുക്കുകൾ അവർ ജോലിചെയ്തിരുന്ന ഓഫീസുകളിലെ അധികാരികളെക്കൊണ്ട് പതിപ്പിച്ച് ഇൻഷ്വറൻസ് വകുപ്പിൽ ഹാജരാക്കുന്ന സംവിധാനം നിർത്തലാക്കി സ്പാർക്കുമായി ബന്ധപ്പെടുത്തി പൂർണമായും ഡിജിറ്റലായി പ്രസ്തുത നടപടികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | **സർക്കാർ ജീവനക്കാർക്കായി വകുപ്പ് വഴി നടപ്പിലാക്കി വരുന്ന എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിലെ മുൻകാല പ്രതിമാസ പ്രീമിയം / വരിസംഖ്യ വിവരങ്ങൾ ശേഖരിച്ച് സ്പാർക്ക് ഡാറ്റയുമായി ചേർത്ത് ഡിജിറ്റൽ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്; ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ